**Deepika**

**27 July 2018**

**Idukki ; Idukki Dam , Openinmg**



# ഇടുക്കി ഡാം തുറക്കൽ: ആദ്യ മുന്നറിയിപ്പ് നൽകി

ചെറുതോണി: ഇടുക്കി അണക്കെ ിലെ ജലനിരപ്പ് പരമാവധി സംഭ ണശേഷിയായ 2403-ലെത്താൻ ിനി 12.82 അടിവെള്ളംകൂടി മതി ാകും. ഈ സാഹചര്യത്തിൽ അണക്കെട്ടിന്റെ താഴ്ഭാഗത്തുള്ള പരിയാർ തീരവാസികൾക്ക് ജാ ഗ്രതാ നിർദേശം നൽകി.

ഇന്നലെ രാവിലെ ഏഴിന് ജല നിരപ്പ് 2390.18 അടിയിലെത്തി. നീ രൊഴുക്ക് ശക്തമായി തുടരുന്നതി നാൽ 2403 അടിയിലെത്തുന്നതി നുമുമ്പേ അണക്കെട്ടു തുറക്കേ ണ്ടിവരും. ഇതു കണക്കിലെടുത്താണ് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. നിലവിലുള്ള നീരൊഴുക്കിന്റെ തോതനുസരിച്ച് പത്തു ദിവസത്തിനകം അണക്കെട്ടിന്റെ പരമാവധി സംഭരണ ശേഷിയായ 2403 അടിയിലെത്തുമെന്നാണ് ഡാം സേഫ്റ്റി ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിന്റെ വിലയിരുത്തൽ.

ജലനിരപ്പ് 2400 അടിയിലെത്തിയാൽ അധികമായെത്തുന്ന വെള്ളം ചെറുതോണി അണക്കെട്ടിന്റെ ഷട്ടർവഴി പുറത്തേക്കൊഴുക്കാനാണ് തീരുമാനം. ചെറുതോണി അണക്കെട്ടിന്റെ താഴ്ന്ന പ്രദേശത്തുള്ളവരും ചെറുതോണി, പെരിയാർ നദികളുടെ ഇരുകരകളിലുമുള്ളവരും ജാഗ്രതപാലിക്കണമെന്നും വൈദ്യുതിബോർഡ് എക്സിക്യൂട്ടീവ് എൻജിനിയർ പുറപ്പെടുവിച്ചിരിക്കുന്ന മുന്നറിയിപ്പിൽ പറയുന്നു.

അണക്കെട്ട് തുറക്കുന്നതിനുമുമ്പ് മൂന്നു ജാഗ്രതാ മുന്നറിയിപ്പുകളാണ് നൽകുക. 2390 അടിയിലെത്തിയ സാഹചര്യത്തിൽ ആദ്യ ജാഗ്രതാ മുന്നറിയിപ്പായയ ബ്ലൂ അലർട്ടാണ് ഇപ്പോൾ പുറപ്പെടുപ്പിച്ചിരിക്കുന്നത്. 2395 അടിയിലേക്ക് ജലനിരപ്പ് ഉയരുമ്പോൾ രണ്ടാമത്തെ ജാഗ്രതാ മുന്നറിയിപ്പായ ഓറഞ്ച് അലർട്ട് നൽകും. 2399 അടിയിലേക്ക് ജലനിരപ്പ് ഉയരുന്നതോടെ മൂന്നാമത്തെതും അവസാനത്തേതുമായ റെഡ് അലർട്ട് പുറപ്പെടുവിക്കും. ഇതിനുശേഷം മാത്രമേ അണക്കെട്ടു തുറക്കൂ.

മുൻവർഷങ്ങളിൽ തുലാമഴയോടെയാണ് അണക്കെട്ടിൽ ജലനിരപ്പ് ഇത്രയും ഉയർന്നിരുന്നത്. ഇത്തവണ നേരത്തേതന്നെ അണക്കെട്ട് നിറയാറായതിനാലാണ് 2403 അടിയിൽ തുറക്കേണ്ട ഡാം 2400-ലായാൽ തുറക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആദ്യം ടെസ്റ്റ് രീതിയിൽ അണക്കെട്ടു തുറക്കും. പെരിയാറിലെ ജലത്തിന്റെ ഒഴുക്കും മറ്റു നാശനഷ്ടങ്ങളും വിലയിരുത്തിയാണ് കൂടുതലായി ഷട്ടർ ഉയർത്തുക. പെരിയാറിൽ വെള്ളം എത്ര ലെവൽ ഉയരുമെന്നുള്ള ശരിയായ കണക്കില്ലാത്തതും അണക്കെട്ട് തുറക്കുന്നതിനു വൈദ്യുതി വകുപ്പിനും റവന്യൂ വകുപ്പിനും തലവേദനയായിരിക്കയാണ്.

ഇന്നലെ ജലനിരപ്പ് പരമാവധി സംഭരണശേഷിയുടെ 85.28 ശതമാനമാണ്. പദ്ധതി പ്രദേശത്ത് മഴയ്ക്ക് നേരിയ കുറവ് വന്നിട്ടുണ്ട്. ഇന്നലെ 54.2 മില്ലിമീറ്റർ മഴയാണു ലഭിച്ചത്.

Double Horse
Distributor / Trade enquiries solicited.
Customer Care No: 9446443333
T1807-377175